**പതിനാലാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:5323 31.10.2016-ൽ മറുപടിയ്ക്ക്

## അച്ചടിവകുപ്പിൽ സ്പെഷ്യൽ റൂൾസ്

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.റോഷി അഗസ്റ്റിൻ** | **ശ്രീ.പിണറായി വിജയൻ** ( മുഖ്യമന്ത്രി) |
| (എ) അച്ചടിവകുപ്പിൽ സ്പെഷ്യൽ റൂൾസ് ( എസ്.ആർ.ഒ. നമ്പർ.616/2016) നടപ്പിലാക്കിയപ്പോൾ കരട് റൂൾസിൽ പ്രസിദ്ധീകരിച്ചതിന് വ്യത്യസ്തമായി ഓഫ്സെറ്റ്, റീഡിംഗ്, മെഷീൻ എന്നീ സെക്ഷനുകളിൽ വരുത്തിയിട്ടുള്ള മാറ്റങ്ങളുടെ കാരണമെന്തെന്ന് വിശദമാക്കുമോ; കെ.എസ് ആന്റ് എസ്.എസ്. ആർ നിർദ്ദേശിക്കുന്ന മാനദണ്ഡങ്ങൾ അനുസരിച്ചാണോ ഈ മാറ്റങ്ങൾ നടത്തിയിട്ടുള്ളത്; വ്യക്തമാക്കുമോ; | |
| (ബി) കരട് സർവ്വീസ് റൂൾസ് പ്രകാരം മെഷ്യൻ വിഭാഗത്തിലെ അസിസ്റ്റന്റ് ഫോർമാൻ തസ്തികയിലേക്കുള്ള സ്ഥാനക്കയറ്റത്തിന് ഓഫ് സെറ്റ് ഓപ്പറേറ്റർ ഗ്രേഡ്-ഒന്ന് ജീവനക്കാരെ പരിഗണിച്ചിരുന്നെങ്കിലും സർവ്വീസ് റൂൾസ് പ്രസിദ്ധീകരിച്ചപ്പോൾ അവരെ പ്രിന്റർ സീനിയർഗ്രേഡ് എന്ന തസ്തികയിലേക്കുള്ള സ്ഥാനക്കയറ്റത്തിനായാണ് ഉൾപ്പെടുത്തിയത് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഏത് മാനദണ്ഡം അനുസരിച്ചാണ് ഇപ്രകാരത്തിലുള്ള മാറ്റങ്ങൾ വരുത്തിയതെന്ന് വ്യക്തമാക്കുമോ; | |

മറുപുറം

| | | | |
|---|---|---|---|
| (സി) | ഇത്തരത്തിൽ വരുത്തിയ മാറ്റം മൂലം അർഹമായ സ്ഥാനകയറ്റം നിഷേധിക്കപ്പെട്ടിരിക്കുന്ന ഓഫ് സെറ്റ് ഓപ്പറേറ്റർ ഗ്രേഡ് -1 ജീവനക്കാർക്ക് നീതി ലഭ്യമാക്കാൻ കരട് സർവ്വീസ് റൂൾസ് -ൽ നിഷ്കർഷിച്ചിരുന്ന വിധത്തിലേക്ക് അസിസ്റ്റന്റ് ഫോർമാൻ തസ്തികയുടെ നിയമന രീതിയിൽ മാറ്റം വരുത്തുന്നതിന് നടപടി സ്വീകരിക്കുമോ ; | (എ,ബി, സി,ഡി &ഇ) | അച്ചടിവകുപ്പിൽ കേരള ഗവൺമെന്റ് പ്രസ്സസ് സബോർഡിനേറ്റ് സർവ്വീസ് റൂൾസ് 30.09.2016- ലെ GO(P) No.19/16/H.Edn പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതും(SRO No.616/2016) ആയതു 30.09.2016- ലെ 1695-ാം പ്രകാരം ഗവൺമെന്റ് ഗസറ്റിൽ വിജ്ഞാപനം ചെയ്തിട്ടുമുണ്ട്. പ്രസ്തുത വിശേഷാൽ ചട്ടത്തിൽ സംഭവിച്ച തെറ്റുകൾ, വിട്ടുകളയൽ തുടങ്ങിയവ ചൂണ്ടികാട്ടി ചില പരാതികൾ ലഭിച്ചിട്ടുണ്ട്. പ്രസ്തുത പരാതികൾ പരിശോധിച്ച് അടിയന്തിരമായി നടപടി സ്വീകരിക്കുന്നതാണ്. |
| (ഡി) | എസ്.ആർ.ഒ. നമ്പർ.616/2016 അനുസരിച്ച് പ്രിന്റിംഗ് വിഭാഗത്തെയും ഓഫ് സെറ്റ് വിഭാഗത്തെയും ഒന്നിച്ച് ചേർത്ത് സ്ഥാനക്കയറ്റം നൽകിയപ്പോൾ ഒരു വിഭാഗം ജീവനക്കാർക്ക് ഉയർന്ന പേ സ്കെയിൽ ഉള്ള തസ്തികയിലേക്ക് സ്ഥാനക്കയറ്റം കിട്ടിയപ്പോൾ ഓഫ് സെറ്റ് വിഭാഗം ജീവനക്കാർക്ക് നിലവിലുള്ള് പേ സ്കെയിൽ തസ്തികകളിലേക്കാണ് സ്ഥാനക്കയറ്റം അനുവദിച്ചിട്ടുള്ളതെന്ന കാര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; ഇത് കെ.എസ്. ആന്റ് എസ്.എസ്.ആർ മാർഗ്ഗരേഖ അനുസരിച്ചാണോ; | | |
| (ഇ) | എസ്.ആർ.ഒ. നമ്പർ.616/2016-ൽ കരട് സർവ്വീസ് റൂൾസിൽ നിഷ്കർഷിച്ചിരിക്കുന്നതിനു വിരുദ്ധമായി റീഡിംഗ് വിഭാഗത്തിലെ പൊതുവായ കോപ്പി ഹോൾഡർ തസ്തികയിലുള്ളവരെ റീഡർ ഗ്രേഡ് -2 തസ്തികയിലേക്കുള്ള സ്ഥാനക്കയറ്റത്തിൽ നിന്നും ഒഴിവാക്കിയത് ഏത് മാനദണ്ഡം അനുസരിച്ചാണെന്ന് വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ